# സ്കൂൾ പ്ലാൻ 2008-09

## സ്കൂൾ പ്ലാൻ Proforma പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

സംസ്ഥാനത്ത് ഐ.സി.ടി പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകളിലും കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുകയാണ്. 2008-09 അധ്യയനവർഷം മുതലുള്ള അഞ്ചു വർഷങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ വർഷം സ്കൂളുകളിൽ 1,00,000/- രൂപയുടെ ഉപകരണങ്ങളാണ് ലഭ്യമാക്കുന്നത്. ഇതിനുപുറമെ പദ്ധതിയുടെ മോണിറ്ററിംഗ്, സ്കൂളുകൾക്ക് ഇന്റർനെറ്റ് സൗകര്യം, സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഹാർഡ്വെയർ ക്ലിനിക്കുകൾ, പ്രത്യേക ഐ.സി.ടി പരിശീലനം, പഠനസഹായ വിഭവങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവക്കായാണ് ബാക്കിവരുന്ന തുക ഉപയോഗിക്കുന്നത്. അതായത് ഒരു ലക്ഷം രൂപയ്ക്കാണ് സ്കൂളുകൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നത്. സ്കൂളുകളിൽ അടിയന്തിരമായി ആവശ്യമായ ഉപകരണങ്ങൾ മുൻഗണനാക്രമത്തിൽ ഇതോടൊപ്പം ചേർത്തിരിക്കുന്ന പെർഫോർമയിൽ രേഖപ്പെടുത്തി 2009 ജനുവരി 25 നകം ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ അതാത് ജില്ലാ കോർഡിനേറ്റർമാർക്ക് നൽകേണ്ടതാണ്. പെർഫോർമ പൂരിപ്പിക്കുമ്പോൾ താഴപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്

1. **General details**

   റവന്യു ജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂളിന്റെ പേര്, ഫോൺ നമ്പർ, ഇ മെയിൽ വിലാസം വെബ്സൈറ്റ് ഉണ്ടെങ്കിൽ അതിന്റെ വിലാസം എന്നിവ വ്യക്തമായി ഇവിടെ രേഖപ്പെടുത്തേണ്ടതാണ്.

   കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, പ്രൊജക്ടർ, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങളുടെ കോൺഫിഗറേഷനും വിലയും പെർഫോർമയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ സ്കൂളിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ പ്രസ്തുത പെർഫോർമയുടെ സഹായത്താൽ പൂരിപ്പിക്കേണ്ടതാണ്.

2. **Requirement to School (Limited to 1 lakh)**

   സ്കൂളിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ മുൻഗണനാക്രമത്തിൽ ചേർക്കേണ്ടതാണ്. 1 ലക്ഷം രൂപയ്ക്കുള്ള ഉപകരണങ്ങളാണ് തെരഞ്ഞെടുക്കേണ്ടത്.

   ഉപകരണങ്ങളുടെ ഏകദേശ വിലയാണ് പെർഫോർമയിൽ നൽകിയിട്ടുള്ളത്. സ്കൂളുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ

വിലയിൽ ഒരുപക്ഷേ കുറവുവരാൻ സാധ്യതയുണ്ട്. ഇങ്ങനെ വിലയിൽ കുറവ് ഉണ്ടായാൽ പ്രസ്തുത തുകയ്ക്കുള്ള അധിക ഉപകരണങ്ങൾ കൂടി സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്. അതിനായി പെർഫോർമയിൽ ഉൾപ്പെടുത്തിയിരിക്കുന്ന Optional Requirement to School എന്നഭാഗത്ത് സ്കൂളുകൾക്ക് അധികമായി ആവശ്യമുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇങ്ങനെ ബാക്കിവരുന്ന തുക യഥാക്രമം 5000, 10000 ആണെങ്കിൽ ആവശ്യമുള്ള ഉപകരണങ്ങളാണ് ഈ കോളത്തിൽ എഴുതേണ്ടത്.

3. **Broadband Internet Status**

കഴിഞ്ഞ അധ്യായന വർഷം മുതൽ ഐ.ടി.@സ്കൂൾ പ്രോജക്ട് ബി.എസ്.എൻ.എലുമായി ചേർന്ന് സ്കൂളുകൾക്ക് പ്രത്യേക പദ്ധതി പ്രകാരം ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം നൽകിയിട്ടുണ്ട്. സ്കൂളിൽ നിലവിലുള്ള ഇന്റർനെറ്റ് സൗകര്യം ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ പ്രത്യേക പദ്ധതി അനുസരിച്ചുള്ളതാണെങ്കിൽ പ്രസ്തുത വിവരം പെർഫോമയിൽ യഥാസ്ഥലത്ത് സൂചിപ്പിക്കേണ്ടതാണ്. ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ പ്രത്യേക പദ്ധതിപ്രകാരം സ്കൂളുകൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന സ്കീമിലേക്ക് ഇപ്പോൾ ചേരുന്നതിന് അവസരമുണ്ട്. ഇങ്ങനെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ആവശ്യമുള്ള സ്കൂളുകൾ ഫോൺ നമ്പരും അതാത് ടെലിഫോൺ എക്ചേഞ്ചിന്റെ പേരും യഥാസ്ഥാനത്ത് ചേർക്കേണ്ടതാണ്.

പെർഫോർമ പൂരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംശയങ്ങളുണ്ടായാൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്ററുടെ സഹായം തേടേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**